29 (a) മലയാള ഗദ്യത്തിന്റെ ശൈശവദശ ശാസനങ്ങൾ ഗദ്യകൃതികൾ ഇവയെ മുൻനിർത്തി ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) മയാള ഭാഷയ്ക്കു വേണ്ടി–മാതൃഭാഷ സംരക്ഷിക്കേണ്ടതിന് വേണ്ടി രൂപപ്പെട്ട പ്രസ്ഥാനങ്ങളും അവ ഭാഷയ്ക്കു വേണ്ടി നടത്തിയ പ്രവർത്തനങ്ങളും പരിശോധിക്കുക.

30 (a) മലയാളത്തിൽ അച്ചടിയുടെയും പത്രപ്രവർത്തനത്തിന്റെയും പ്രാരംഭഘട്ടത്തെക്കുറിച്ച് ഉപന്യസിക്കുക.

**അല്ലെങ്കിൽ**

(b) മലയാളം വിക്കി പീഡിയയുടെ വളർച്ച വിവരിക്കുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 5467**

(Pages : 3)

Name.......................................

Reg. No...................................

# M.A. PREVIOUS (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION, APRIL/MAY 2021

(S.D.E.)

M.A. Malayalam

DEMAL1E1/8D—NAVEENA KAVITHA

(2014 Admissions)

Time : Three Hours

Maximum : 100 Marks

CHMK LIBRARY UNIVERSITY OF CALICUT

I. ഒറ്റ വാക്കിലോ,വാക്യത്തിലോ ഉത്തരമെഴുതുക. (½ മാർക്ക് വീതം)

1 'സോപാനം' എന്ന കലാസ്ഥാപനത്തിന്റെ സ്ഥാപകനാര് ?

2 'വാൻഗോക്കിന്റെ ഷൂസ്' എന്ന കവിത രചിച്ചതാര് ?

3 'ജെ.ജെ. ചില കുറിപ്പുകൾ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര് ?

4 'എന്നിലൂടെ' ആരുടെ ആത്മകഥ ?

5 'നരകം ഒരു പ്രേമകവിത എഴുതുന്നു'—ആരുടെ കവിത ?

6 'പല ലോകം പലകാലം ഏതു വിഭാഗത്തിൽപ്പെടുന്നു ?

7 2012-ലെ വള്ളത്തോൾ പുരസ്കാരം ലഭിച്ചതാർക്ക് ?

8 "മരണ മുഹൂർത്തത്തിലെന്ന പോൽ
സ്മരണ തൻ ത്വതിരാവരോഹണം"
—കവിത ഏത് ?

9 "മാപ്പു നല്കുക ; നീ പൊറുക്കു-
കെൻ മർത്യതാദർപ്പം"
—ആരുടെ കവിത ?

10 2000-ലെ കവിതയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചതാർക്ക് ?

11 ദ്വാരപാലകൻ നല്കിയ കള്ളത്താക്കോൽ സൂചിപ്പിക്കുന്നതെന്തിനെയാണ് ?

12 ഒളിവിലിരുന്ന് 'സ്വതന്ത്രഭാരതം' എന്ന പത്രം നടത്തിയിരുന്നതാര് ?

13 'The Illusion of post modernism'—ആരുടെ കൃതി ?

14 'ശിരോലിഖിതത്തിന്റെ കാർബൺ പതിപ്പുകൾ എഴുതിയതാര് ?

15 'യുവ കവിതക്കൂട്ടം എന്ന ഗ്രന്ഥം എഡിറ്റു ചെയ്തതാര് ?

Turn over

16 "അരിമണിചിന്നിപ്പോയതെടുക്കാ-

നമ്പിളി മാനത്തെത്തുമ്പോൾ"

—ചിന്നിപ്പോയ അരിമണിയായി രൂപണം ചെയ്തിരിക്കുന്നതെന്തിനെയാണ് ?

17 റഫീക്ക് അഹമ്മദ് രചിച്ച നോവൽ ഏത് ?

18 കെ.ജി. ശങ്കരപ്പിള്ളയുടെ കവിതകളെക്കുറിച്ച് പി.കെ. രാജശേഖരൻ നടത്തിയ പഠന ലേഖനത്തിന്റെ പേര്.

19 മധു സംവിധാനം ചെയ്ത 'സിന്ദൂരച്ചെപ്പ്' എന്ന ചലച്ചിത്രത്തിന് തിരക്കഥ രചിച്ചതാര് ?

20 "ഒന്നിനെത്തന്നെ നോക്കിയിരിക്കുമ്പോൾ ഞാൻ

അനേകരായി പൊട്ടിപ്പിരിയുന്നു"

—കവിത ഏത് ?

(20 × ½ = 10 marks)

II. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 മാർക്കു വീതം)

21 (a) ഭാവവൈപരീത്യ(Irony)ന്റെയും ഫലിതത്തിന്റെയും കോമാളിത്തത്തിന്റേയും അംശങ്ങൾ 'കുരുക്ഷേത്ര'ത്തിൽ കാണുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

(b) മരണത്തെ അതിജീവിക്കുന്ന പ്രത്യാശയുടെ സ്ഫുരണം 'പാതാളത്തിന്റെ മുഴക്ക'ത്തിന്റെ പരിസമാപ്തിയിലെങ്ങനെയാണ് കവി അവതരിപ്പിച്ചിരിക്കുന്നത് ?

22 (a) പ്രകൃതിയുടെ കുറ്റമറ്റ ഒരു കലാസൃഷ്ടിയായി 'മേഘരൂപ'നെ അവതരിപ്പിക്കുവാൻ കവി ഉപയോഗിക്കുന്ന ബിംബ ശൃംഖലയുടെ ക്രമീകരണത്തിലുള്ള ഔചിത്യമെന്ത് ?

**അല്ലെങ്കിൽ**

(b) 'കാവാലത്തിന്റെ കാവ്യദർശനം ഗ്രാമീണ പാരമ്പര്യത്തിൽ അധിഷ്ഠിതമായിരിക്കുന്നു' എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

23 (a) 'ഗസൽ' എന്ന കവിത സൃഷ്ടിക്കുന്ന അനുഭവതലമെന്ത് ?

**അല്ലെങ്കിൽ**

(b) 'സഞ്ജയാ, നീ കണ്ടതാണ് ശരി'—വക്താവാര് ? സഞ്ജയൻ കണ്ടത് എന്തായിരുന്നു ?

24 (a) കവി, ബസ് സ്റ്റാന്റിൽ കണ്ട കാഴ്ചകൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

(b) മനുഷ്യന്റെ നല്ല രൂപത്തെ മായ്ച്ചു കളഞ്ഞു കൊണ്ട് വിവരണാതീതമായ ഹാസ്യം 'ബലിക്കുറിപ്പുകൾ' എന്ന കവിതയിൽ പ്രദർശിപ്പിക്കുന്നതെങ്ങനെ ?

CHMK LIBRARY UNIVERSITY OF CALICUT

25 (a) "അറിയില്ലവരെ നിൻ പട്ടണത്തിലെപ്പാതയ്-

ക്കരികിൽ ക്യൂ നില്ക്കുന്ന കമ്പിക്കാലുകൾക്കൊന്നും"

—കവി വിവക്ഷിക്കുന്നതെന്താണ് ?

**അല്ലെങ്കിൽ**

(b) ആരെയൊക്കെ മറന്നാലും 'കറുത്ത കല്ലി'നെ മറക്കുകയില്ല എന്നു പറയുന്നതിന്റെ യുക്തിയെന്ത് ?

(5 × 6 = 30 marks)

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (12 മാർക്കു വീതം)

26 (a) അന്വേഷണത്തിന്റെ ഉദ്വേഗങ്ങളും വിഭ്രാന്തികളും സംഭ്രമങ്ങളുമായാണ് 'മണിയറയിലേക്ക് 'എന്ന കവിതയെ രൂപപ്പെടുത്തിയത്. പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) ആക്ഷേപ ഹാസ്യ കവിതയ്ക്ക് ഉത്തമോദാഹരണമാണ് 'എലികൾ '— സമർത്ഥിക്കുക.

27 (a) ഭക്തിനിരോധത്തിൽ ഹൈന്ദവ സംസ്കാരം എത്തിച്ചേർന്നതിനെ ഭർസിക്കുന്ന ഒരു ലോലധ്വനിയായി നമ്മുടെ ഹൃദയത്തിൽ 'അഹൈന്ദവം' പ്രതിധ്വനി കൊള്ളുന്നതെങ്ങനെയെന്ന് വിശദമാക്കുക.

**അല്ലെങ്കിൽ**

(b) ചരിത്ര സംവാദത്തിന്റെ സ്വരമുള്ള ഭാഷയിൽ കവിതയെ സാമൂഹികവത്ക്കരിക്കുകയാണ് 'ബംഗാൾ' എന്ന കവിതയിൽ—സമർത്ഥിക്കുക

28 (a) കലയും കാലവും തമ്മിലുള്ള സംഘർഷം 'ഗസൽ' എന്ന കവിതയിൽ എങ്ങനെ ആവിഷ്ക്കരിച്ചിരിക്കുന്നു—പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) ആദ്ധ്യാത്മികതയുടെ ശാന്തതയാണ് ആർ. രാമചന്ദ്രന്റെ കവിതകളുടെ അടിയൊഴുക്ക് –'ദിവ്യദുഃഖത്തിന്റെ നിഴലിൽ' എന്ന കവിതയെ അടിസ്ഥാനമാക്കി നിരൂപിക്കുക.

29 (a) ഭാഷയിൽ നിലനില്ക്കുന്ന സനാതന സൗന്ദര്യ സങ്കല്പങ്ങളെ നിരാകരിക്കുന്ന ഒരു കവിതയാണ് 'മഞ്ഞിനോടു വെയിലെന്ന പോലെയും'—ശരിയോ ? വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) 'ഈച്ച' എന്ന കവിത ആവിഷ്ക്കരിക്കുന്ന ദർശനമെന്ത് ?

30 (a) വർത്തമാന മലയാള കവിതകളുടെ സവിശേഷതകൾ എം.ബി. മനോജ്, എസ്. ജോസഫ്, വി.എം. ഗിരിജ, അനിതാതമ്പി എന്നിവരുടെ കവിതകളെ ആസ്പദമാക്കി വിശദമാക്കുക.

**അല്ലെങ്കിൽ**

(b) 'കർക്കശമായ സാമൂഹ്യ-രാഷ്ട്രീയ ബോധത്തിന്റെ, നൈതികാസ്വാസ്ഥ്യമാണ് തോമസ് കുട്ടിയുടെ കവിതകളിൽ കാണുന്നത്–വിശകലനം ചെയ്യുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5466

(Pages : 3)

Name.....................................

Reg. No..................................

# M.A. PREVIOUS (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION, APRIL/MAY 2021

(S.D.E.)

M.A. Malayalam

DEMAL1E1/8C—ANUKALPANAM

(2014 Admissions)

Time : Three Hours

Maximum : 100 Marks

I. ഒറ്റ വാക്കിലോ ഒറ്റ വാക്യത്തിലോ ഉത്തരമെഴുതുക.

1 പച്ച എന്ന വേഷത്തിന് ഏതു കലാരൂപവുമായിട്ടാണ് ബന്ധം ?

2 നളചരിതം ഓട്ടൻതുള്ളൽ ആരുടെ കൃതിയാണ് ?

3 കഥാപാത്രങ്ങളുടെ ആംഗ്യമുദ്രാഭിനയരീതികളെ വിവരിക്കുന്ന കൃതി.

4 കുറ്റവും ശിക്ഷയും എന്ന നോവലിന്റെ രചയിതാവാര് ?

5 ഭാരതപര്യടനം എഴുതിയതാര് ?

6 പറയി പെറ്റ പന്തിരുകുലം എന്ന ഐതിഹ്യവുമായി ബന്ധപ്പെടുന്ന എൻ. മോഹനൻ എഴുതിയ നോവലേത് ?

7 പുനഃസൃഷ്ടി എന്നാലെന്ത് ?

8 മനസ്സിന്റെ രണ്ടു തലങ്ങളെ കഥാപാത്രങ്ങളുടെ രൂപത്തിൽ അവതരിപ്പിക്കുന്ന പത്മരാജന്റെ സിനിമയേത് ?

9 ആട്ടക്കഥയുടെ ദൃശ്യാവിഷ്കാരമേതാണ് ?

10 ഏതു കേരളപ്പെരുമാളിന്റെ സദസ്യനായിരുന്നു തോലൻ എന്നു കരുതപ്പെടുന്നു ?

11 വിഭീഷണനെ കൊല്ലാതെ വിട്ട രാവണന്റെ തത്വശാസ്ത്രം എന്തായിരുന്നു ?

12 നാനിയെന്ന കഥാപാത്രം പ്രത്യക്ഷപ്പെടുന്ന കവിതയേത് ?

13 റോമൻ യാക്കോബ്സൺ അനുകല്പനത്തെ വിളിച്ചതെന്ത് ?

14 ഡ്രീംസ് എന്ന ജാപ്പനീസ് സിനിമ സംവിധാനം ചെയ്തതാര് ?

15 സി.എൻ. ശ്രീകണ്ഠൻ നായരുടെ കാഞ്ചനസീതയ്ക്ക് ചലച്ചിത്രഭാഷ്യം രചിച്ചതാര് ?

16 നടന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട ബാഹ്യ വിഷയങ്ങളെ ഉപദേശിക്കുന്ന കൃതി.

17 രാമായണ നാടകത്രയം എന്നറിയപ്പെടുന്ന നാടകങ്ങൾ രചിച്ചതാര് ?

CHMK LIBRARY UNIVERSITY OF CALICUT

Turn over

18 ആട്ടപ്രകാരം, ക്രമദീപിക എന്നിവ ഏതു ക്ഷേത്രകലയുമായി ബന്ധപ്പെട്ടതാണ് ?

19 ഇൻട്രാലിംഗ്വൽ വിവർത്തനം എന്നാലെന്ത് ?

20 പൂതപ്പാട്ടിലെ അമ്മയുടെ പേരെന്ത് ?

(20 × ½ = 10 marks)

II. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

21 (a) തുള്ളൽ, ആട്ടക്കഥ എന്നിവയെ അനുകല്പനം എന്നു വിളിക്കുന്നതെന്തുകൊണ്ട് ?

**അല്ലെങ്കിൽ**

(b) ഇടശ്ശേരിയുടെ പൂതപ്പാട്ടിന് ഒരാസ്വാദനം തയ്യാറാക്കുക.

22 (a) പെരുന്തച്ചൻ എന്ന സിനിമയും ഐതിഹ്യവും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ ? വിശദമാക്കുക.

**അല്ലെങ്കിൽ**

(b) കാക്കകൾ എന്ന ഖണ്ഡത്തെ ആസ്പദമാക്കി കുറസോവയുടെ ദൃശ്യാവിഷ്കാരരീതിയെ വിലയിരുത്തുക.

23 (a) അപരൻ എന്ന സിനിമയ്ക്ക് ഒരു വിമർശനാത്മകപഠനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(b) ഇന്നലത്തെ മഴ എന്ന നോവലിന് അടിസ്ഥാനമായി നില്ക്കുന്ന ഐതിഹ്യവുമായി കാണാനാവുന്ന വ്യത്യാസങ്ങളേവ ?

24 (a) തച്ചന്റെ മകൻ എന്ന കൃതിയും തച്ചന്റെ മകൾ എന്ന കൃതിയും തമ്മിൽ താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

(b) കുട്ടികൾക്കു വേണ്ടിയുള്ള രചന എന്ന നിലയിൽ മാലി ഭാരതത്തിനുള്ള പ്രത്യേകതകൾ എന്തെല്ലാമാണ് ?

25 (a) റോമൻ യാക്കോബ്സൺ വിവർത്തന സങ്കല്പം എന്ത് ?

**അല്ലെങ്കിൽ**

(b) പുനഃസൃഷ്ടിയും സംഗ്രഹീത പുനരാഖ്യാനവും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കുക.

(5 × 6 = 30 marks)

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

26 (a) ആട്ടപ്രകാരം, ക്രമദീപിക എന്നിവ എന്തെല്ലാം ? വിവരിക്കുക.

**അല്ലെങ്കിൽ**

(b) തോലകവിയെക്കുറിച്ച് ഒരവലോകനം നടത്തുക.

27 (a) നളചരിതം ആട്ടക്കഥയിലെ രംഗപ്രയോഗപരമായ ആവിഷ്കാരത്തിനുള്ള പ്രസക്തിയെന്ത് ?

**അല്ലെങ്കിൽ**

(b) പാഠകം, കൂത്ത് എന്നിവയുടെ സവിശേഷതകൾ സംഗ്രഹിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

28 (a) റഷ്യൻ വിവർത്തനങ്ങൾ മലയാള സാഹിത്യത്തിലും സംസ്കാരത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ടോ ? പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) വിവർത്തനം ഒരു സാംസ്കാരിക പ്രക്രിയയാണെന്നത് കുറ്റവും ശിക്ഷയും എന്ന നോവലിനെ ആസ്പദമാക്കി വിലയിരുത്തുക.

29 (a) തിരക്കഥ കൊണ്ടുള്ള പ്രയോജനം എന്ത് ? ഇതിന്റെ അടിസ്ഥാന സവിശേഷതകൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

(b) തിരക്കഥയും സിനിമയും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുക.

30 (a) ലങ്കാലക്ഷ്മി എന്ന നാടകത്തിൽ രാമായണ കഥാപാത്രങ്ങളെ നോക്കിക്കാണുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

(b) ഇനി ഞാനുറങ്ങട്ടെ എന്ന കൃതിക്ക് മഹാഭാരത കഥയുമായുള്ള ആഖ്യാനപരമായ വ്യത്യാസങ്ങളെക്കുറിച്ചെഴുതുക.

($5 \times 12 = 60$ marks)

CHMK LIBRARY UNIVERSITY OF CALICUT

**C 5464** (Pages : 3) Name..................................

Reg. No...............................

# M.A. (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION APRIL/MAY 2021

(S.D.E.)

M.A. Malayalam

DEMAL 1E 2—BHARATHEEYA SAHITHYAM

(2014 Admissions)

Time : Three Hours Maximum : 100 Marks

I. ഒറ്റ വാക്കിലോ ഒറ്റ വാക്യത്തിലോ ഉത്തരമെഴുതുക.

1 ആധുനിക ഇൻഡോ-ആര്യൻ ഭാഷകളിൽ കിഴക്കേ അറ്റത്തുള്ള ഭാഷ ഏതാണ് ?

2 ഉർദുവിന്റെ മൂലരൂപമായ ഒർദു ഏതു ഭാഷയിലെ പദമാണ് ?

3 കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഇപ്പോഴത്തെ അധ്യക്ഷൻ ആരാണ് ?

4 പേർഡോ-അറബിക് ലിപിമാല ചില ഭേദഗതികളോടു കൂടി ഉപയോഗിക്കുന്ന പ്രധാന ഭാരതീയ ഭാഷകൾ ഏവ ?

5 മലയാളത്തിലെ ഏത് കവിക്കാണ് ശരൺകുമാർ ലിംബാളെ തന്റെ 'ഹിന്ദു' എന്ന നോവൽ സമർപ്പിച്ചിരിക്കുന്നത് ?

6 'The History of Indian Literature' എന്ന ഗ്രന്ഥം രചിച്ച ജർമ്മൻ പണ്ഡിതൻ ആരാണ് ?

7 വിജയ് തെണ്ടുൽക്കറുടെ 'സഖാറാം ബയൻഡർ' എന്ന നാടകം ബോംബെ ഹൈക്കോടതി നിരോധിക്കാൻ കാരണം എന്തായിരുന്നു ?

8 എ.ഡി. 1857-ൽ ബാബാ പത്മൻജി രചിച്ച 'യമുനാപര്യടൻ' ഏത് ഭാഷയിലെ ആദ്യ നോവലാണ് ?

9 'ജേ. ജേ. ചില കുറിപ്പുകൾ' മലയാളത്തിലേക്ക് വിവർത്തനം ചെയ്ത മലയാള കവി ആരാണ് ?

10 കബീറിന്റെ ദോഹകൾ ഏതു പേരിലാണ് അറിയപ്പെടുന്നത് ?

11 ഏത് നോവലിലെ കേന്ദ്ര കഥാപാത്രമാണ് ശനീച്ചരി ?

12 സ്രോതഭാഷ (source language) എന്നാൽ എന്ത് ?

13 'ഭാരതീയ സാഹിത്യ ചരിത്രം' പ്രസിദ്ധീകരിച്ചത് ഏത് സ്ഥാപനമാണ് ?

14 കാശൂർ എന്നും കാശിർസബാൻ വിളിക്കപ്പെടുന്ന ഭാരതീയ ഭാഷ ഏതാണ് ?

15 കന്നടയിൽ നോവലിനു പറയുന്ന പേരെന്ത് ?

16 ഹയവദനന് മനുഷ്യരൂപം കിട്ടാൻ ഭാഗവതർ നൽകിയ ഉപദേശം എന്തായിരുന്നു ?

CHMK LIBRARY / UNIVERSITY OF CALICUT

17 അമൃതാപ്രീതത്തിന്റെ ജീവിതം സംഭവ ബഹുലമല്ലെന്നും അത് ഒരു റവന്യൂ സ്റ്റാമ്പിന്റെ പുറത്ത് രേഖപ്പെടുത്താവുന്നതേയുള്ളുവെന്നും പറഞ്ഞത് ആരാണ് ?

18 ഗൗതമൻ കേന്ദ്ര കഥാപാത്രമായി വരുന്ന ഉറുദു നോവൽ ഏതാണ് ?

19 പ്രതിഭാ റോയ് രചിച്ച 'ശിലാപത്മം' എന്ന നോവൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ആര് ?

20 ആധുനിക തമിഴ് നോവലിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ് ?

(20 × ½ = 10 marks)

II. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

21 (a) 'പല ഭാഷകളിൽ എഴുതപ്പെടുന്നുവെങ്കിലും ഭാരതീയ സാഹിത്യം ഒന്നാകുന്നു' എന്ന് പറയുന്നതിന്റെ പൊരുളെന്ത് ?

**അല്ലെങ്കിൽ**

(b) ഭാരതീയ സാഹിത്യത്തിന്റെ പരിപോഷണത്തിന് കേന്ദ്ര സാഹിത്യ അക്കാദമി നൽകുന്ന സംഭാവനകൾ വിലയിരുത്തുക.

22 (a) കോണാർക്കിലെ സൂര്യ ക്ഷേത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ച് 'ശിലാപത്മം' എന്ന നോവലിലെ വിഷ്ണുറാണ വെളിപ്പെടുത്തുന്ന ഐതിഹ്യം എന്താണ് ?

**അല്ലെങ്കിൽ**

(b) ജീബനാനന്ദദാസിന്റെ 'ബനലതാസെൻ', കാറ്റുള്ള രാത്രി എന്നീ കവിതകളിലെ കാവ്യബിംബങ്ങളുടെ സവിശേഷതകൾ വിശദമാക്കുക.

23 (a) 'നാല്പതു വർഷം മുമ്പുള്ള ഒരു വിവാഹ രാത്രിയിലേക്ക് എന്റെ ഓർമ്മകൾ പറന്നു ചെല്ലുന്നു' —ആ ദിവസത്തെ എന്തെല്ലാം സംഭവങ്ങളാണ് അമൃതാപ്രീതം അനുസ്മരിക്കുന്നത് ?

**അല്ലെങ്കിൽ**

(b) സ്നേഹം നേർത്തൊരു നൊമ്പരമായി മാറുന്ന അനുഭവം പന്നലാൽ പട്ടേലിന്റെ 'മുടന്തനും കുരുടിയും' എന്ന കഥയിൽ ആവിഷ്കൃതമായിരിക്കുന്നതെങ്ങനെ ?

24 (a) കബീറിന്റെ ഈശ്വര സങ്കല്പത്തെക്കുറിച്ച് 'കബീറിന്റെ ഗീതങ്ങളി'ലെ ആദ്യത്തെ പതിനഞ്ച് ഗീതങ്ങളെ അടിസ്ഥാനമാക്കി വിവരിക്കുക.

**അല്ലെങ്കിൽ**

(b) തോട്ടികളുടെ ജീവിതം 'ശവക്കോടി' എന്ന കഥയിലൂടെ പ്രേംചന്ദ് ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

25 (a) തിണ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ 'തലമുടിയുടെ വാസന', 'അനുരാഗം' എന്നീ കവിതകളെ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) നാരായണപ്പന്റെ ശവസംസ്ക്കാരം നടത്തുന്നതിനെതിരെ ഉയർന്നു വന്ന പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു ?

(5 × 6 = 30 marks)

CHMK LIBRARY UNIVERSITY OF CALICUT

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

26 (a) ഇൻഡോ-ആര്യൻ ഗോത്രത്തിൽപ്പെട്ട പ്രധാന ഭാഷകൾ ഏതെല്ലാം ? അവയെ സാമാന്യമായി പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

(b) ഭാരതീയ ഭാഷകളിലെ പൂർവകാല കവിതകൾ ഇതിവൃത്തപരമായി എത്രത്തോളം സമാനത പുലർത്തുന്നുവെന്ന് കണ്ടെത്തുക.

27 (a) "സൂര്യപ്രകാശത്തിനു മുമ്പിൽ കത്തിച്ചു വച്ച നിലവിളക്കുകൾ പോലെ ജീവൻമശായ് എന്ന കേന്ദ്ര കഥാപാത്രത്തിനു മുമ്പിൽ 'ആരോഗ്യ നികേതന'ത്തിലെ മറ്റ് കഥാപാത്രങ്ങൾ നിറം കെട്ടു പോയിരിക്കുന്നു "—ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) ടാഗോറിന്റെ 'ഗീതാഞ്ജലി'യെ ഒരു മിസ്റ്റിക് കാവ്യം എന്നു വിളിക്കാമോ ? എന്തുകൊണ്ട് ? വിശദീകരിക്കുക

28 (a) ഉത്തമവും ഉദാത്തവുമായ ദാമ്പത്യ ജീവിതത്തിന്റെ പ്രതിരൂപങ്ങളെന്ന നിലയിൽ "വെയിലും തണലും' എന്ന നോവലിലെ ഉത്തംചംദിനെയും ലാസ്കോറിനെയും വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) ഹൈന്ദവ സമൂഹത്തിലെ ഹീനമായ ജാതിവ്യവസ്ഥയും സവർണഭീകരതയും അവയുളവാക്കുന്ന സംഘർഷങ്ങളുമാണ് ശരൺകുമാർ ലിംബാളെയുടെ 'ഹിന്ദു' എന്ന നോവലിന്റെ പ്രമേയം —ഉപപാദിക്കുക.

29 (a) സ്വാതന്ത്ര്യപൂർവ ഭാരതത്തിന്റെ രാഷ്ട്രീയ ചരിത്രം യശ്പാലിന്റെ 'രാജ്യദ്രോഹി' എന്ന നോവലിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) കറയറ്റ ദേശസ്നേഹവും ജീവിതാവബോധവുമാണ് ഇഖ്ബാൽ കവിതകളുടെ മുഖമുദ്ര—'ബാങ്കേദറ' എന്ന കൃതിയെ മുൻനിർത്തി നിരൂപിക്കുക.

30 (a) സുന്ദരരാമസ്വാമിയുടെ ജെ. ജെ. ചില കുറിപ്പുകൾ എന്ന നോവലിനെ ജീവചരിത്ര നോവൽ എന്നു വിളിക്കാമോ ? സ്വമതം സ്ഥാപിക്കുക.

**അല്ലെങ്കിൽ**

(b) പരസ്പര വിരുദ്ധങ്ങളായ വ്യക്തിത്വത്തിന്റെ ഉടമകളായ രണ്ട് സുഹൃത്തുക്കളുടെ തലകൾ പരസ്പരം മാറ്റി വച്ചതിന്റെ ഫലമായുണ്ടാകുന്ന സംഭവങ്ങളാണ് 'ഹയവദന' എന്ന നാടകത്തെ സംഘർഷഭരിതമാക്കുന്നത്—വിശദമാക്കുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5462 (Pages : 3) Name..................................

Reg. No..................................

# M.A. PREVIOUS (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION, APRIL/MAY 2021

(S.D.E.)

M.A. Malayalam

DEMAL1E1/7C—KADHA SAHITHYAM

(2014 Admissions)

Time : Three Hours Maximum : 100 Marks

I. ഒറ്റ വാക്കിലോ ഒറ്റ വാക്യത്തിലോ ഉത്തരമെഴുതുക.

1 മലയാളത്തിലെ ആദ്യകഥയായി ചിലർ കണക്കാക്കുന്ന 'ഒരു കള്ളൻ' ഏത് മാസികയിലാണ് ആദ്യമായി പ്രസിദ്ധീകരിച്ചത് ?

2 ചെറുകഥയെ വില്യം സരോയൻ നിർവചിക്കുന്നതെങ്ങനെ ?

3 പുരോഗമന സാഹിത്യകാരന്മാരെ 'സമുദായത്തിലെ വിഷംതീനികൾ' എന്നു വിശേഷിപ്പിച്ചതാര് ?

4 ഇ.വി. കൃഷ്ണപിള്ള നാലു ഭാഗങ്ങളായി പ്രസിദ്ധീകരിച്ച ചെറുകഥാ സമാഹാരത്തിന്റെ പേരെന്ത് ?

5 ടി. പത്മനാഭന്റെ കഥകളെ അടിസ്ഥാനമാക്കി 'പത്മനാഭോടമരപ്രഭു' എന്ന ഗ്രന്ഥം രചിച്ചതാര് ?

6 'പതിനെട്ടാം നൂറ്റാണ്ടിൽ നിന്നു കടന്നു വന്ന ഒരു കഥാപാത്രത്തെപ്പോലെ അവർ ആ വലിയ മുറിയുടെ മൂലയ്ക്കു പതുങ്ങി നിന്നു'–ആരെക്കുറിച്ചാണ് ഈ പരാമർശം ? ഏതു കഥയിൽ ?

7 മൂർക്കോത്തു കുമാരൻ ആദ്യമായി പ്രസിദ്ധീകരിച്ച കഥ ഏതാണ് ?

8 മലയാളത്തിലെ ആദ്യത്തെ ഇരുപത്തിയെട്ടു കഥകൾ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തിയത് ആരാണ് ?

9 വയലാർ അവാർഡ് നേടിയ ആദ്യത്തെ ചെറുകഥാ സമാഹാരം ഏതാണ് ?

10 കെ. സുകുമാരന്റെ കഥാലോകം 'മഹിളാളിമഹാസ്പദ'മാണെന്ന് പറഞ്ഞത് ആര് ?

11 കൊമാല എന്ന വാക്കിന്റെ അർത്ഥമെന്ത് ?

12 'പ്രതികാരദേവത' ആരുടെ ആദ്യ ചെറുകഥയാണ് ?

13 ബഷീർ ഒരു ഹ്യൂമനിസ്റ്റും ഹ്യൂമറിസ്റ്റും ആണെന്ന് അഭിപ്രായപ്പെട്ടത് ആരാണ് ?

14 എം. തോമസ് മാത്യുവിന്റെ 'ആത്മാവിന്റെ മുറിവുകൾ' എന്ന നിരൂപണഗ്രന്ഥം ആരുടെ ചെറുകഥകളെ ആസ്പദമാക്കിയുള്ള പഠനമാണ് ?

15 മലയാള ചെറുകഥയിൽ ഇംപ്രഷനിസത്തിന്റെ ശൈലി പ്രയോഗിച്ചു നോക്കിയ ആദ്യ ചെറുകഥാകൃത്ത് ആരാണ് ?

CHMK LIBRARY UNIVERSITY OF CALICUT

16 'അമ്മച്ചീ ഏൻ വെളുത്ത സാരി ഉടുത്തൂടാരുന്നു ; തല ചീവണ്ടാരുന്നു. ഏന് അങ്ങനെ നാറി നടന്നാൽ മതിയായിരുന്നു'–ആരുടെ വാക്കുകളാണിത് ? കഥ ഏത് ?

17 കെ.ആർ. മീരയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത ചെറുകഥാസമാഹാരം ഏതാണ് ?

18 മലയാള സാഹിത്യത്തിലെ പരാജയ(റിയലിസ്റ്റ്) പ്രസ്ഥാനത്തിൽപ്പെട്ട ചെറുകഥയെഴുത്തിന്റെ സ്ഥാപകനായ ഒരു മഹാകവി എന്ന് കേസരി ബാലകൃഷ്ണപിള്ള വിശേഷിപ്പിച്ചത് ആരെയാണ് ?

19 'തരിശുനിലത്തിലെ കഥകൾ' ആരുടെ കൃതിയാണ് ?

20 കഥയെഴുതിയതിന് ജയിലിൽ പോകേണ്ടി വന്ന ആദ്യ മലയാള കഥാകാരൻ ആരാണ് ?

(20 × ½ = 10 marks)

II. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

21 (a) 'കഥയൊന്നുമല്ല' എന്ന കഥയിലെ കള്ളന് പിണത്തെ അമളി എന്തായിരുന്നു ?

**അല്ലെങ്കിൽ**

(b) ലൂയി കൂനിയുടെ ചികിത്സാ സമ്പ്രദായത്തിന്റെ മേന്മകൾ എന്തെല്ലാമാണ് ?

22 (a) 'ചോലമരങ്ങൾ' എന്ന കഥയിലെ ലില്ലിക്കുട്ടി മദർ ഫിലോമിന ബനഡിക്റ്റാ ബിയാട്രിസ് ആയി മാറാൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു ?

**അല്ലെങ്കിൽ**

(b) ഒരു നിഗൂഢ പ്രണയത്തിന്റെ മനോഹരമായ ആവിഷ്ക്കാരം എന്ന നിലയിൽ കാരൂരിന്റെ 'മോതിരം' എന്ന കഥയെ പരിചയപ്പെടുത്തുക.

23 (a) 'ഈ തീപ്പൊരി പെൺകുട്ടി ഇത്ര സെന്റിമെന്റലോ. ഈ തീക്കുടയ്ക്കാവരണം തുഷാരബിന്ദുക്കളോ' ആരുടേതാണ് ഈ വാക്കുകൾ ? സന്ദർഭമേത് ? വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) നീരജാചക്രവർത്തി എന്ന യുവതിയുടെ ജീവിതം ആത്മഹത്യയിലേക്കു നീങ്ങുന്ന അവസ്ഥ 'ആത്മഹത്യ' എന്ന കഥയിലൂടെ രാജലക്ഷ്മി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

24 (a) 'നഖത്തിനിടയിൽ മൊട്ടുസൂചി കയറ്റിയപ്പോഴും തുട വരഞ്ഞ് കുരുമുളകു പൊടി തേച്ചപ്പോഴും തോന്നാത്ത ഒരു വേദന മനസ്സിൽ നിറഞ്ഞു' ആർക്കാണ് ഇത്തരമൊരു അനുഭവമുണ്ടായത് ? ഏത് സാഹചര്യത്തിൽ ? വിശദമാക്കുക.

**അല്ലെങ്കിൽ**

(b) 'വംശം എന്ന വാക്കിന്റെ ഏകാഗ്രതയിൽ, അവർ തങ്ങളെടുത്ത തീരുമാനത്തെ തണുത്ത ഹൃദയങ്ങളോടെ സ്വീകരിച്ചു'–ആര് ? തീരുമാനം എന്തായിരുന്നു ? വ്യക്തമാക്കുക.

25 (a) 'നോവൽ സംഗ്രഹം' എന്ന കഥയിലെ ആഖ്യാതാവ് തന്റെ മുത്തച്ഛന്റെ വിചിത്രമായ എന്തെല്ലാം പ്രവൃത്തികളെക്കുറിച്ചുള്ള ഓർമ്മകളാണ് പങ്കുവയ്ക്കുന്നത് ?

**അല്ലെങ്കിൽ**

(b) ആന്ദ്രേ എസ്കോബാർ എന്ന കൊളംബിയൻ ഫുട്ബോൾ താരത്തിന്റെയും കേരളീയനായ കൃഷ്ണൻകുട്ടിയുടെയും ജീവിതത്തിലെ സമാനത 'എസ്കോബാർ' എന്ന കഥയിൽ വത്സലൻ വാതുശ്ശേരി ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

(5 × 6 = 30 marks)

CHMK LIBRARY UNIVERSITY OF CALICUT

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

26 (a) മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ പ്രചാരണത്തിനും ചെറുകഥാ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും പത്രമാസികകൾ വഹിച്ച പങ്ക് നിസ്തുലമാണ്–ഉപപാദിക്കുക.

**അല്ലെങ്കിൽ**

(b) ഇ.വി. കൃഷ്ണപിള്ള ഫലിത സാഹിത്യകാരൻ മാത്രമല്ല, നല്ലൊരു സാമൂഹ്യ വിമർശകൻ കൂടിയാണ് എന്ന് തെളിയിക്കുന്ന കഥയാണ് 'സൂപ്രണ്ടിന്റെ കൈക്കൂലി' നിരൂപിക്കുക.

27 (a) കേരളത്തിലെ പുരോഗമന സാഹിത്യ പ്രസ്ഥാനങ്ങളുടെ ഉത്ഭവവികാസ ചരിത്രം സംഗ്രഹിച്ച് മലയാള ചെറുകഥയിൽ അവ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് പ്രതിപാദിക്കുക.

**അല്ലെങ്കിൽ**

(b) 'ഒരു കഥ വായിച്ചു കഴിഞ്ഞാൽ വായനക്കാരന്റെ മനസ്സിൽ ഒരു മനുഷ്യന്റെ കഥ കേട്ടു എന്ന തോന്നലുണ്ടാവണം–എസ്. കെ. പൊറ്റെക്കാട്ടിന്റെ ഈവാക്കുകൾ അദ്ദേഹത്തിന്റെ തന്നെ 'ഒട്ടകം' എന്ന കഥയ്ക്ക് എത്രത്തോളം ചേരുന്നുണ്ടെന്ന് പരിശോധിക്കുക.

28 (a) അമ്പതുകളുടെ ആരംഭത്തോടെ മലയാള ചെറുകഥയിൽ സംഭവിച്ച പ്രമേയപരമായ മാറ്റം സമൂഹത്തിൽ നിന്ന് മനസ്സിന്റെ ഉള്ളറകളിലേക്ക് എന്നതായിരുന്നു–പാഠ്യഭാഗത്തെ കഥകളെ മുൻനിർത്തി വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) ജീവിത യാഥാർത്ഥ്യങ്ങൾക്ക് അപ്പുറത്തെവിടെയോ വർത്തിക്കുന്ന അതീത ജീവിതത്തിന്റേതായ ഒരു ലോകത്തെ കണ്ടെത്താനുള്ള ശ്രമമാണ് ഒ.വി. വിജയന്റെ സ്നേഹത്തിന്റെ ശ്രാദ്ധം എന്ന കഥ –നിരൂപിക്കുക.

29 (a) കേരളീയരുടെ വ്യക്തി ജീവിതവുമായോ കുടുംബ ജീവിതവുമായോ പൊരുത്തപ്പെടാത്തതും അവിശ്വസനീയവുമാണ് എം. മുകുന്ദന്റെ 'രാധ രാധ മാത്രം' എന്ന കഥയുടെ പ്രമേയം എന്ന അഭിപ്രായത്തെ വിമർശനദൃഷ്ട്യാ വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) കെ.പി. നിർമ്മൽ കുമാർ എന്ന കഥാകൃത്തിനെ സംബന്ധിച്ചിടത്തോളം ചേലക്കര എന്ന ഗ്രാമത്തെക്കുറിച്ചുള്ള അതീതസ്വപ്നങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുക.

30 (a) ജീവിതത്തിനിടയിൽ സാഹിത്യമുണ്ടാക്കാൻ ശ്രമിക്കുന്ന സ്ത്രീകളുടെ ദുരന്തമാണ് 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയുടെ ധ്വന്യാർത്ഥം–ഉപപാദിക്കുക.

**അല്ലെങ്കിൽ**

(b) വായനയുടെ നിലവാരം ജീവിതത്തിന്റെ നിലവാരത്തെ നിശ്ചയിക്കുന്നു എന്ന ആശയം 'ഉമ്പർട്ടോ എക്കോ' എന്ന കഥയിലൂടെ ബി. മുരളി ആവിഷ്ക്കരിക്കുന്നതെങ്ങനെ ?

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5459

(Pages : 3)

Name....................................

Reg. No.................................

# M.A. PREVIOUS (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION, APRIL/MAY 2021

(S.D.E.)

M.A. Malayalam

DEMAL1C06—BHASHA SASTHRAM

(2014 Admissions)

Time : Three Hours

Maximum : 100 Marks

I. ഒരു വാക്കിലോ ഒരു വാക്യത്തിലോ കവിയാതെ **ഇരുപതു** ചോദ്യത്തിനും ഉത്തരമെഴുതുക.

1 ലോകത്തിലെ ഏറ്റവും വലിയ ഭാഷാഗോത്രം ഏത് ?

2 സംസ്കൃതത്തിലെ പ്രഥമ വ്യാകരണകാരനായി അറിയപ്പെടുന്നതാര് ?

3 വർണ്ണം—നിർവചിക്കുക.

4 ഭാഷാശാസ്ത്രത്തിലെ ധാതുവിന് കേരളപാണിനി നൽകിയ പേരെന്ത് ?

5 പ്രാഗ്ഭാഷ എന്നാലെന്ത് ?

6 പ്രധാനപ്പെട്ട രണ്ട് ലിപി സമ്പ്രദായങ്ങളേവ ?

7 സമാസം—നിർവചിക്കുക.

8 ഭരണഭാഷ എന്നാലെന്ത് ?

9 പ്രജനക വ്യാകരണത്തെ സിദ്ധാന്ത പദവിയിലേക്ക് ഉയർത്തിയതാര് ?

10 'ഫയൽവാൻ', 'കിസ്മിസ്' എന്നീ പദങ്ങൾ ഏത് ഭാഷയിൽ നിന്ന് ?

11 പര്യായങ്ങൾ എന്നാലെന്ത് ?

12 ചൈനീസ് ഭാഷയുടെ ലിപി സമ്പ്രദായമേത് ?

13 ശബ്ദതാവലി എഴുതിയതാര് ?

14 കുടുംബ വൃക്ഷ സിദ്ധാന്തം ആവിഷ്ക്കരിച്ചതാര് ?

15 വാക്യരചനയിൽ മലയാള ഭാഷ പാലിക്കുന്ന ക്രമമെന്ത് ?

16 മലയാളത്തിൽ എത്ര അനുനാസിക വ്യഞ്ജനങ്ങളുണ്ട് ?

17 അഷ്ടാദ്ധ്യായി എന്നു കൂടി പേരുള്ള സംസ്കൃത വ്യാകരണ ഗ്രന്ഥം ഏത് ?

18 'ഭാഷയ്ക്കു നന്ദി : മനുഷ്യൻ മനുഷ്യനായിത്തീർന്നു' എന്ന് പ്രഖ്യാപിച്ചത് ആര് ?

19 ഒരു വ്യക്തി ഭാഷാപരമായി പ്രായപൂർത്തിയെത്തുന്നതെപ്പോൾ ?

20 സംസ്കൃതം, ഹിന്ദി എന്നീ ഭാഷകൾ ഉപയോഗിച്ചിരിക്കുന്ന ലിപി.

(20 × ½ = 10 marks)

Turn over

CHMK LIBRARY / UNIVERSITY OF CALICUT

II. മുമ്മൂന്നു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

21 (a) മാനക ഭാഷ, സങ്കര ഭാഷ, വെങ്കല ഭാഷ എന്നിവ എന്തെന്ന് വിശദമാക്കുക.

**അല്ലെങ്കിൽ**

(b) ജീവൽഭാഷ, മൃതഭാഷ എന്നിവ എന്തെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

22 (a) സ്വതന്ത്ര രൂപിമം/ആശ്രിത രൂപിമം എന്നിവ എന്തെന്ന് വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(b) സങ്കേതനം (Encoding), വിസങ്കേതനം (Decoding) എന്നിവ എന്തെന്ന് വ്യക്തമാക്കുക.

23 (a) പ്രധാന ഭാഷാകക്ഷ്യകൾ ഏവ ? വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(b) ചലകരണങ്ങൾ, സ്ഥിരകരണങ്ങൾ എന്നിവ എന്തെന്ന് വ്യക്തമാക്കുക.

24 (a) തരംഗ സിദ്ധാന്തമെന്നാലെന്ത് ? വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) പ്രാചീന ഭാരതീയ വ്യാകരണത്തെപ്പറ്റി കുറിപ്പെഴുതുക.

25 (a) നിഘണ്ടു എന്നാലെന്ത് ?

**അല്ലെങ്കിൽ**

(b) മലയാളം കമ്പ്യൂട്ടിങ്ങിലെ വിവിധ ഫോണ്ടുകളെ പരിചയപ്പെടുത്തുക.

(5 × 6 = 30 marks)

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

26 (a) ഭാഷ എന്നാലെന്ത് ? മനുഷ്യഭാഷയുടെ പ്രത്യേകതകൾ ഏവ ?

**അല്ലെങ്കിൽ**

(b) അർത്ഥ പരിണാമം എന്നാലെന്ത് ? അതിനുള്ള കാരണങ്ങളേവ ?

27 (a) വർണ്ണങ്ങൾക്ക് ഉച്ചാരണഭേദം കൈവരുന്നതെങ്ങനെ ? വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(b) എന്താണ് വാക്യം ? വാക്യഘടന ഉദാഹരണസഹിതം വിശദമാക്കുക.

28 (a) ഇന്ത്യയിലെ ഭാഷാ കുടുംബങ്ങളെപ്പറ്റി ഉപന്യസിക്കുക.

**അല്ലെങ്കിൽ**

(b) ഭാഷാവിജ്ഞാനവും ഭാഷാപ്രയോഗവും ഒന്നല്ല. വിശദമാക്കുക.

CHMK LIBRARY UNIVERSITY OF CALICUT

29 (a) ലിഖിതഭാഷ, സംസാരഭാഷ, ശാസ്ത്രഭാഷ എന്നിവയുടെ പ്രത്യേകതകൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) ഭാഷാഭേദ പഠനവും സാമൂഹിക ഭാഷാ ശാസ്ത്രവും ലക്ഷ്യത്തിലും പ്രസക്തിയിലും ഭിന്നമാണോ ? എന്തു കൊണ്ട് ?

30 (a) നിഘണ്ടുവിന്റെ പ്രസക്തിയെന്ത് ? നല്ല നിഘണ്ടുവിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

(b) ഭാഷാഗവേഷണം, വിശകലനം എന്നിവയിൽ കമ്പ്യൂട്ടറുകൾക്കുള്ള സ്ഥാനം വിശദമാക്കുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5458 (Pages : 3) Name.....................................

Reg. No..................................

# M.A. PREVIOUS (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION, APRIL/MAY 2021

(S.D.E.)

M.A. Malayalam

DEMAL1C05—MALAYALA VYAKARANAM

(2014 Admissions)

Time : Three Hours Maximum : 100 Marks

I. ഒരു വാക്കിലോ ഒരു വാക്യത്തിലോ കവിയാതെ **ഇരുപത്** ചോദ്യത്തിനും ഉത്തരമെഴുതുക.

1 കേരള പാണിനീയത്തിനു മുമ്പു രചിച്ച 'മലയാള വ്യാകരണ'ത്തിന്റെ കർത്താവാര് ?

2 ദ്രമിഡ സംഘാതാക്ഷരത്തിൽ സ്വരങ്ങളെത്ര, വ്യഞ്ജനങ്ങളത്രെ ?

3 മലയാളത്തിൽ അധികാക്ഷരമുണ്ടോ ? ലീലാതിലകകാരൻ പറയുന്ന നാല് അധികാക്ഷരങ്ങളെഴുതുക.

4 പാട്ടിന്റെ നിർവചനത്തിലുള്ള 'വൃത്തവിശേഷം' എന്ത് ?

5 ലോപസന്ധിക്കു സമാനമായ ലീലാതിലക സൂത്രമേത് ?

6 മലയാളം സ്വതന്ത്രഭാഷയായി രൂപപ്പെടുന്നതിൽ ഏ. ആർ. പറയുന്ന മൂന്നു ബാഹ്യ കാരണങ്ങൾ ഏതെല്ലാം ?

7 സംസ്കൃതീകൃത ഭാഷയ്ക്കും ഭാഷീകൃത സംസ്കൃതത്തിനും ഉദാഹരണമെഴുതുക.

8 സംവൃതോകാരത്തിന് ആറ്റൂർ നല്കുന്ന പേരെന്ത് ?

9 വിനയെച്ചങ്ങളഞ്ചത്രേ – ഏതെല്ലാം ?

10 ഉത്തമമണി പ്രവാളത്തിന്റെ പ്രത്യേകതയെന്ത് ?

11 ദ്രാവിഡ ഭാഷകളുടെയും സംസ്കൃതത്തിന്റെയും നില ഏതേതെല്ലാം കക്ഷ്യയിലാണെന്നെഴുതുക.

12 ശബ്ദത്തെ ഏ. ആർ. നിർവചിക്കുന്നതെങ്ങനെ ?

13 പെണ്ണുങ്ങൾ–പിരിച്ചെഴുതുക.

14 നിയോജക പ്രകാരത്തിന്റെ പ്രത്യയമെഴുതുക.

15 ഏ. ആറിന്റെ അഭിപ്രായത്തിൽ ഏതെല്ലാം നാട്ടിലെ കൊടുംതമിഴാണ് മലയാളമായി പരിണമിച്ചത് ?

16 മിശ്രഭാഷാവാദം അവതരിപ്പിച്ചതാര് ?

17 മലയാളത്തിലെ സന്ധ്യക്ഷരങ്ങളേതെല്ലാം ?

18 നിരുക്തമെന്നാലെന്ത് ?

19 സന്ദർഭേ സംസ്കൃതീകൃതായയിലെ സന്ദർഭത്തിന്റെ വിവക്ഷയെന്ത് ?

20 മലയാളത്തിലെ അഞ്ചു ചില്ലക്ഷരങ്ങൾ എഴുതുക.

(20 × ½ = 10 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

II. മുമ്മൂന്നു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

21 (a) മലയാള ഭാഷയുടെ ഉല്പത്തിയെപ്പറ്റിയുള്ള വിവിധ മതങ്ങൾ പരിശോധിച്ച് സ്വാഭിപ്രായം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(b) കേരള പാണിനീയത്തിനു ശേഷമുണ്ടായിട്ടുള്ള വ്യാകരണ ഗ്രന്ഥങ്ങൾ ഉന്നയിക്കുന്ന മുഖ്യ വിമർശനങ്ങൾ സംഗ്രഹിക്കുക.

22 (a) മലയാള വിഭക്തികൾക്ക് സംസ്കൃതത്തിൽ നിന്നു ഭിന്നമായി പുതിയ പേരുകൾ നിർദ്ദേശിച്ചതിന്റെ യുക്തിയെന്ത് ?

**അല്ലെങ്കിൽ**

(b) മലയാളത്തിലെ വർണ വികാരങ്ങളെക്കുറിച്ച് കേരളപാണിനിയുടെ നിരീക്ഷണങ്ങളെന്തെല്ലാം ?

23 (a) മണിപ്രവാളത്തിന്റെ ലക്ഷണ ശാസ്ത്രഗ്രന്ഥമെന്ന നിലയിൽ രചിച്ച ലീലാതിലകത്തെ വ്യാകരണ ഗ്രന്ഥമെന്ന നിലയ്ക്കു പരിഗണിക്കുന്നതുചിതമോ ? ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) മലയാളലിപിയുടെ ഉല്പത്തി വികാസ പരിണാമങ്ങൾ വിവരിക്കുക.

24 (a) മലയാള ഭാഷാ പരിണാമത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) കേരള പാണിനീയത്തിലെ സന്ധി ചർച്ച വിമർശനാത്മകമായി വിശകലനം ചെയ്യുക.

25 (a) മലയാള വാക്യങ്ങളുടെ ഘടനയും അർത്ഥവും വിശദമാക്കാനാണ് ഗുണ്ടർട്ട് അദ്ദേഹത്തിന്റെ വ്യാകരണത്തിൽ ശ്രമിച്ചത്–നിരൂപിക്കുക.

**അല്ലെങ്കിൽ**

(b) വിനയെച്ച വിഭാഗങ്ങളെപ്പറ്റി വിവരിക്കുക.

(5 × 6 = 30 marks)

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

26 (a) 'ഭാഷ ആദാന പ്രദാനങ്ങളിലൂടെയാണ് വളരുന്നത്'–മലയാള ഭാഷയെ സംബന്ധിച്ച് ഈ പ്രസ്താവം എത്രത്തോളം പ്രസക്തമാണെന്നു വിവരിക്കുക.

**അല്ലെങ്കിൽ**

(b) മലയാള ഭാഷയുടെ വ്യക്തിത്വത്തെ സ്ഥാപിക്കുന്ന ഭാഷാ സങ്കല്പമാണ് കൂന്തൽവാദം–വിശദീകരിക്കുക.

27 (a) ചരിത്രാത്മകത, തുലനാത്മകത, വ്യതിരേകാത്മക വ്യാകരണ രചനകളുടെ ലക്ഷ്യവും രീതിശാസ്ത്രവും ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) സംസ്കൃത ഭാഷയുടെ വ്യാകരണ പാരമ്പര്യത്തെ മലയാള വ്യാകരണ ഗ്രന്ഥങ്ങൾ എത്രത്തോളം പിൻ തുടരുന്നുണ്ടെന്നു പരിശോധിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

28 (a) ലീലാതിലകത്തിലേയും കേരള പാണിനീയത്തിലേയും സന്ധി നിയമങ്ങൾ താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

(b) മലയാളം തമിഴിൽ നിന്ന് ഉത്ഭവിച്ചതാണെന്നു സമർത്ഥിക്കാൻ കേരളപാണിനി അവതരിപ്പിച്ച നയങ്ങൾ ഏവ ? അവയുടെ സ്വീകാര്യത എത്രത്തോളമുണ്ട് ?

29 (a) കേരളപാണിനിയുടെ ഭേദക നിർദേശത്തെ വിമർശിക്കാൻ സി. എൽ. ആന്റണി ഉന്നയിക്കുന്ന യുക്തികൾ ഏവ ?

**അല്ലെങ്കിൽ**

(b) വിഭക്തിചിന്തയുടെ അപര്യാപ്തതയാണ് വിഭക്ത്യാഭാസ പ്രകരണത്തിനു കാരണം—നിരൂപിക്കുക.

30 (a) പ്രകാരമെന്നാൽ എന്ത് ? പ്രകാരത്തിന്റെ പ്രയോഗ സന്ദർഭങ്ങൾ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

(b) ഭാഷയിൽ കർമ്മണി പ്രയോഗമില്ല എന്ന അഭിപ്രായം മുൻനിർത്തി മലയാളത്തിന്റെ മൗലികത അനാവരണം ചെയ്യുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5457

(Pages : 3)

Name.......................................

Reg. No....................................

# M.A. PREVIOUS (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION, APRIL/MAY 2021

(S.D.E.)

M.A. Malayalam

DEMAL1C04—AADHUNIKA MALAYALA GADYAM

(2014 Admissions)

Time : Three Hours

Maximum : 100 Marks

I. ഒരു വാക്കിലോ, ഒരു വാക്യത്തിലോ കവിയാതെ **ഇരുപതു** ചോദ്യത്തിനും ഉത്തരമെഴുതുക.

1 മലയാളത്തിലെ ആദ്യ സാമൂഹിക നാടകം ഏത് ?

2 ഉയരുന്ന യവനിക എഴുതിയതാര് ?

3 മണ്ടൻ മുത്തപ്പ, ആനവാരി രാമൻ നായർ, പൊൻ കുരിശ് തോമ തുടങ്ങിയ കഥാപാത്രങ്ങളുള്ള ബഷീർ കഥ ഏത് ?

4 'യേശുപുരം പബ്ലിക്ക് ലൈബ്രറിയെക്കുറിച്ചൊരു പരാതി' ആരുടെ രചനയാണ് ?

5 മലയാളത്തിലെ ആദ്യ തസ് ക്കര നോവൽ ഏത് ?

6 എം.ടി. വാസുദേവൻ നായർ എഴുതിയ നാടകം ഏത് ?

7 മലയാളത്തിലെ ആദ്യ ബോധധാരാ നോവൽ ഏത് ?

8 ഭാഷാനാടകങ്ങളെ പരിഹസിച്ച് രചിച്ച കൃതി.

9 'എന്താണ് ആധുനികത' എഴുതിയതാര് ?

10 രാജാങ്കണം ആരുടെ നിരൂപണ കൃതിയാണ് ?

11 സി.വി.യുടെ അപൂർണ്ണ നോവൽ ഏത് ?

12 വ്യക്തമായ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ രചിക്കപ്പെട്ട തോപ്പിൽ ഭാസിയുടെ നാടകമേത് ?

13 ഗദ്യ കവിതയിലുള്ള ആത്മകഥ എന്നു വിശേഷിക്കപ്പെടുന്ന കൃതി.

14 ഇബ്നുബത്തൂത്ത കഥാപാത്രമായി വരുന്ന ആനന്ദിന്റെ നോവലേത് ?

15 സി.എൻ. ശ്രീകണ്ഠൻ നായർ രചിച്ച രാമായണ നാടകങ്ങൾ ഏവ ?

16 ബ്യൂറോക്രസിയുടെ ദുഷ്ടപ്രവണതകളെ വ്യക്തമാക്കിയ ഇ. വാസുവിന്റെ നോവൽ ഏത് ?

17 'മലയാള വിമർശകത്രയം' എന്നു സുകുമാർ അഴീക്കോട് വിശേഷിപ്പിക്കുന്നത് ആരെയെല്ലാം ?

18 നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തിയ ആദ്യനാടകം ഏത് ?

19 വിമർശനത്തിന്റെ വിമർശനം ഏത് പേരിൽ അറിയപ്പെടുന്നു ?

20 'ഇതിഹാസത്തിന്റെ ഇതാഹാസം' എഴുതിയതാര് ?

(20 × ½ = 10 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

II. മുമ്മൂന്നു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

21 (a) ഒരു പ്രശ്ന നാടകമെന്ന നിലയിൽ 'ബലാബല'ത്തെ വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) 'സ്ത്രീജിതനല്ല ശ്രീജിതനാണ് രാവണൻ ' എന്ന അഭിപ്രായത്തെ ലങ്കാലക്ഷ്മി എന്ന നാടകത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

22 (a) കാലത്തെ അതിവർത്തിക്കുന്ന രചനയാണ് 'ഡൽഹി 1981' സമർത്ഥിക്കുക.

**അല്ലെങ്കിൽ**

(b) അശരണരോട് അണി ചേരാനുള്ള തീവ്രമായ ആഹ്വാനമാണ് 'മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ ' വിലയിരുത്തുക.

23 (a) 'തോറ്റങ്ങൾ' ശക്തമായൊരു ബോധധാരാ രചനയാണ്—സമർത്ഥിക്കുക.

**അല്ലെങ്കിൽ**

(b) കരുണയറ്റ അധികാര കേന്ദ്രങ്ങളുടെ ആസുരത ഗോവർദ്ധന്റെ യാത്രകൾ അടയാളപ്പെടുത്തുന്നതെങ്ങനെ ?

24 (a) 'നിരാനന്ദത്തിന്റെ ചിരി' വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) മലയാള നിരൂപണ മേഖലയിൽ നളിനിയുടെ അവതാരികയ്ക്കുള്ള പ്രാധാന്യമെന്ത് ?

25 (a) അസാധാരണത്വം കലർന്ന വിചിത്രമായ ആത്മകഥയത്രേ കവിയുടെ കാല്പാടുകൾ–അഭിപ്രായം രൂപീകരിക്കുക.

**അല്ലെങ്കിൽ**

(b) ഒരു മികച്ച പ്രഭാഷകനുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാം ?

(5 × 6 = 30 marks)

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

26 (a) രണ്ടു കാലഘട്ടങ്ങളിലും സ്ത്രീ അഭിമുഖീകരിക്കുന്നത് ഒരേ പ്രശ്നങ്ങളാണെന്ന തിരിച്ചറിയൽ ഓരോരോ കാലത്തിലും അവതരിപ്പിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

(b) അധികാര ഇടങ്ങളിലെ മാനവികതാ വിരുദ്ധതയാണ് 1128-ൽ ക്രൈം 27 ചർച്ച ചെയ്യുന്നത്. വിലയിരുത്തുക.

27 (a) ഉത്തരാധുനിക ചെറുകഥാ പ്രസ്ഥാനത്തിലെ സ്വത്വ രാഷ്ട്രീയ പ്രവണതകളെ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) റിയലിസ്റ്റിക് കഥാരചനാ രീതിയിൽ നിന്നും ആധുനിക ചെറുകഥകളിലെത്തുമ്പോഴുണ്ടായ രൂപഭാവ വ്യതിയാനങ്ങളെ വിശകലനം ചെയ്യുക.

CHMK LIBRARY UNIVERSITY OF CALICUT

28 (a) സമൂഹ നവീകരണത്തിനുള്ള ശക്തമായ ആയുധമാണ് ആക്ഷേപഹാസ്യം എന്ന വസ്തുത പിതാമഹനെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

**അല്ലെങ്കിൽ**

(b) 'സുന്ദരികളും സുന്ദരൻമാരും' ഉൾക്കൊള്ളുന്ന നവോത്ഥാന കാഴ്ചപ്പാട് വിലയിരുത്തുക.

29 (a) 'സഹ്യന്റെ മകനി'ൽ അനാവൃതമാകുന്ന പാരിസ്ഥിതികാവബോധത്തെ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) ആശാന്റെ ലീലാകാവ്യത്തെ സംബന്ധിക്കുന്ന കുട്ടികൃഷ്ണ മാരാരുടെ അഭിപ്രായങ്ങളെ വിമർശന ബുദ്ധ്യാ വിലയിരുത്തുക.

30 (a) വ്യാഴവട്ട സ്മരണകളിലെ ആത്മകഥാംശം വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) സാഹസികവും അവിശ്വസനീയവുമായ ഹിമാലയൻ പര്യടനത്തിന്റെ ചിത്രമാണ് 'ഹിമവാന്റെ മുകൾത്തട്ടിൽ' വ്യക്തമാക്കുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5456 (Pages : 3) Name..................................

Reg. No..................................

# M.A. PREVIOUS (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION, APRIL/MAY 2021

(S.D.E.)

M.A. Malayalam

DEMAL1C03—AADHUNIKA KAVITHA

(2014 Admissions)

Time : Three Hours Maximum : 100 Marks

I. ഒരു വാക്കിലോ ഒരു വാക്യത്തിലോ കവിയാതെ ഇരുപത് ചോദ്യത്തിനും ഉത്തരമെഴുതുക.

1 'Adonais' ആരുടെ രചനയാണ് ?

2 Daffodils' രചിച്ചതാര് ?

3 'Mazeppa' എഴുതിയ ഇംഗ്ലീഷ് കവിയാര് ?

4 "വ്യർത്ഥമായാവർത്തിപ്പൂ
വ്രണിത പ്രതീക്ഷയാൽ
മർത്ത്യനിപ്പദം രണ്ടും"
—ഏത് പദങ്ങൾ ?

5 'അഭയത്തിന്റെ വിരൂപ ശിഖരത്തിൽ ആരാണ് ദൈന്യത്തിന്റെ പതാകയായത്'? ഏത് കവിത ?

6 'ആറ്റിക്കുറുക്കിയ ഒരു ആദ്ധ്യാത്മിക ജീവിത കഥ' എന്ന് ഏത് കവിതയുടെ അവതാരികയിലാണ് എൻ.വി. പ്രസ്താവിക്കുന്നത് ?

7 'അല്ലേ ഗൃഹസ്ഥ നീ ധന്യനായ്' ആരാണ് ധന്യനായത് ? കവിത ഏത് ?

8 'വിനയമൊരു നയമാക്കി' ഏത് കവിതയിലെ വരിയാണിത് ?

9 'മേഘരൂപൻ' ആരെക്കുറിച്ച് ആരുടെ രചനയാണ് ?

10 "കളരി മാറി ഞാൻ കച്ചകെട്ടാമിനി ;
കളരിയങ്ങൊന്നു മാറി നോക്കാമിനി ; "
—കളരി മാറ്റം കൊണ്ട് കവി അർത്ഥമാക്കുന്നതെന്ത് ? കവിത ഏത് ?

11 "പുത്രൻ മടിയിൽ മരിക്കുന്നൊരമ്മതൻ
ഇറ്റിറ്റു വീഴുന്ന കണ്ണു നീരാണു ഞാൻ"
—കവിത ഏത് ?

12 വയലാർ അവാർഡ് ലഭിച്ച കക്കാടിന്റെ കൃതി ഏത് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

13 നളിനി രചിച്ചിരിക്കുന്നത് ഏത് വൃത്തത്തിലാണ് ?

14 ഉള്ളൂർ രചിച്ച മഹാകാവ്യം ഏത് ?

15 'ദിവ്യദുഃഖത്തിന്റെ നിഴലിൽ' ആരുടെ രചനയാണ് ?

16 'രതിസാമ്രാജ്യം' ആരുടെ കൃതിയാണ് ?

17 'ചന്ദനക്കട്ടിൽ' രചിച്ചതാരാണ് ?

18 സുഗതകുമാരിയുടെ ആദ്യ കവിതാസമാഹാരമേത് ?

19 'എഴുത്തച്ഛനെഴുതുമ്പോൾ' ആരുടെ കവിതയാണ് ?

20 'നളിനി എന്ന കാവ്യശില്പം' രചിച്ചതാരാണ് ?

(20 × ½ = 10 marks)

II. മുമ്മൂന്നു പുറത്തിൽ കവിയാതെ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.

21 (a) പാർക്കിൽ എന്ന കവിത ആഖ്യാനത്തിലും അവതരണത്തിലും കാല്പനിക വിരുദ്ധമാണ്. വിമർശിക്കുക.

**അല്ലെങ്കിൽ**

(b) ഭൂതകാല രതിയും ഗൃഹാതുരത്വവുമാണ് കാല്പനികതയുടെ മുഖ്യ സവിശേഷതകൾ. ചർച്ച ചെയ്യുക.

22 (a) ബൗദ്ധികതയാണ് ജി. ശങ്കരക്കുറുപ്പിന്റെ കാവ്യങ്ങളുടെ അടിസ്ഥാനം. പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) സർഗ്ഗസംഗീതം എത്രത്തോളം സർഗ്ഗാത്മകമാണ്. വിശകലനം ചെയ്യുക.

23 (a) നിരാഡംബമായ യാഥാർത്ഥ്യങ്ങളാണ് എൻ.വി. കവിതയെ ശ്രദ്ധേയമാക്കുന്നത്. ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) പൂതപ്പാട്ട് എന്ന ഇടശ്ശേരി കവിതയിലെ സംവിധാന ചാരുത വിലയിരുത്തുക.

24 (a) ജീവിതത്തേയും അതിന്റെ ശക്തി വിശേഷങ്ങൾ ഒളിച്ച് നിൽക്കുന്ന ഹൃദയത്തേയു വിശകലനം ചെയ്ത് വരുന്ന ആത്മ ഗാഥകളാണ് ചങ്ങമ്പുഴ കവിതകൾ. നിരൂപിക്കുക.

**അല്ലെങ്കിൽ**

(b) എം. എൻ. പാലൂര് യൂസഫലി കേച്ചേരി എന്നിവരുടെ കവിതകൾ കാല്പനികതയെ എത്രത്തോളം വൈവിധ്യത്തോടെ സ്വാംശീകരിക്കുന്നു. വിലയിരുത്തുക.

25 (a) ആധുനികതയിലും കാല്പനികതയുടെ കണ്ണീർക്കണം സൂക്ഷിച്ചു വയ്ക്കുന്ന കവിതകളാണ് സുഗത കുമാരിയുടേത്. പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) മഴയുടെ വ്യത്യസ്ത ഭാവങ്ങളെ വിജയലക്ഷ്മി എങ്ങനെ പരിചരിക്കുന്നു ?

(5 × 6 = 30 marks)

CHMK LIBRARY UNIVERSITY OF CALICUT

III. അയ്യഞ്ച് പുറത്തിൽ കവിയാതെ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.

26 (a) വള്ളത്തോൾ കവിതയിൽ നാടകീയതക്ക് എത്രമാതം പ്രാധാന്യമുണ്ട്. മഗ്ദലനമറിയത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) ഉള്ളൂർ കവിതയുടെ ശക്തി ദൗർബല്യങ്ങൾ പിംഗളയെ അടിസ്ഥാനമാക്കി വിവരിക്കുക.

27 (a) 'മണിനാദം', 'മൃത്യുപൂജ' എന്നീ കവിതകൾ മൃത്യുബോധത്തെ ഏതൊക്കെ തരത്തിൽ വ്യത്യസ്തമായി പ്രതിനിധാനം ചെയ്യുന്നു.

**അല്ലെങ്കിൽ**

(b) 'ഭൂമിക്കൊരു ചരമഗീത'ത്തിൽ നിന്നും 'കൊച്ചിയിലെ വൃക്ഷങ്ങളി'ലേക്കെത്തുമ്പോൾ മലയാള കവിതയുടെ പാരിസ്ഥിതിക ജാഗ്രത എങ്ങനെയൊക്കെ പ്രശ്നവത്ക്കരിക്കപ്പെട്ടിരിക്കുന്നു. വിശദമാക്കുക.

28 (a) പരമ ജീവിതാർത്ഥം തേടുന്നതിലുള്ള ദർശനഗൗരവം 'നളിനി'യിൽ എത്രമാത്രം പ്രകടമാണ്. ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) കളിയരങ്ങ്. കളിയച്ഛൻ, നടൻ ഇവയിലൂടെ അനാവൃതമാകുന്ന ജീവിത ചിത്രമാണ് കളിയച്ഛൻ. വ്യക്തമാക്കുക.

29 (a) അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, ആറ്റൂർ രവിവർമ്മ, ഡി. വിനയചന്ദ്രൻ എന്നിവർ ആധുനിക മലയാള കവിതയെ എങ്ങനെയൊക്കെ അഭിസംബോധന ചെയ്യുന്നു ?

**അല്ലെങ്കിൽ**

(b) തടയാൻ ശ്രമിക്കുന്തോറും നിലക്കാത്ത കണ്ണീരണിഞ്ഞ തത്ത്വചിന്താപരതയാണ് 'കണ്ണുനീർത്തുള്ളി'. വ്യക്തമാക്കുക.

30 (a) ജീവിക്കുന്തോറും ലോകം പരിചയക്കേടുകൾ നിറഞ്ഞതാണെന്ന് 'സഹ്യന്റെ മകനി'ലൂടെ വൈലോപ്പിള്ളി എങ്ങനെ സ്ഥാപിക്കുന്നു ?

**അല്ലെങ്കിൽ**

(b) നങ്ങേമക്കുട്ടി വില്ലനില്ലാത്ത ദുരന്ത കഥയാണ്. പരിശോധിക്കുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

C 5455

(Pages : 3)

Name..................................

Reg. No..................................

# M.A. PREVIOUS (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION, APRIL/MAY 2021

(S.D.E.)

M.A. Malayalam

DEMAL1C02—AADYAKALA MALAYALA KAVITHA

(2014 Admissions)

Time : Three Hours

Maximum : 100 Marks

I. ഒരു വാക്കിലോ ഒരു വാക്യത്തിലോ കവിയാതെ **ഇരുപതു** ചോദ്യത്തിനും ഉത്തരമെഴുതുക.

1 തരംഗിണി വൃത്തത്തിന്റെ ലക്ഷണമെന്ത് ?

2 മഹാഭാരതം മുഴുവനും പദാനുപദം തർജ്ജമ ചെയ്തതാര് ?

3 അച്ചീചരിതങ്ങൾ എന്നറിയപ്പെടുന്ന കൃതികൾ.

4 ഉണ്ണുനീലി സന്ദേശത്തെ 'മുഴുത്ത ചിരി' എന്നു വിശേഷിപ്പിച്ച നിരൂപകൻ.

5 വേശ്യോപനിഷത്ത് എന്ന് വിശേഷിപ്പിക്കപ്പെട്ട മണിപ്രവാളകൃതി.

6 സംസ്കൃത നാടകങ്ങളുടെ കേരളീയ അവതരണ ശൈലിക്ക് പ്രാചീനകാലം മുതൽ പറഞ്ഞു വരുന്ന പേര്.

7 ലീലാതിലകം ഏതു ഭാഷയിലാണ് എഴുതിയിട്ടുള്ളത് ?

8 ഗദ്യപദ്യമയമായ കാവ്യത്തിന് പറയുന്ന പേര്.

9 രാമകഥപ്പാട്ടിന് പി.കെ. നാരായണപിള്ള എഴുതിയ വ്യാഖ്യാനം.

10 മലയാളത്തിലെ ആദ്യത്തെ സന്ദേശകാവ്യമായി അറിയപ്പെടുന്ന കൃതി.

11 മുദ്രാഭിനയത്തിന് കഥകളി നടന്മാർ സ്വീകരിച്ചിട്ടുള്ള പ്രാമാണിക ഗ്രന്ഥം.

12 നളചരിതം ആട്ടക്കഥയ്ക്ക് 'കൈരളി' വ്യാഖ്യാനം എഴുതിയതാര് ?

13 ദാത്യൂഹസന്ദേശം എഴുതിയതാര് ?

14 ദ്വിതീയാക്ഷര പ്രാസദീക്ഷയില്ലാത്ത കേരളവർമ്മ വലിയ കോയിത്തമ്പുരാൻ എഴുതിയ കാവ്യം.

15 മലയാളത്തിലെ ആദ്യ മഹാകാവ്യം.

16 വഞ്ചിപ്പാട്ടു വൃത്തം.

17 മലയ വിലാസം ഏതു കാവ്യ പ്രസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്ന കൃതിയാണ് ?

18 ഏ. ആർ. രാജരാജവർമ്മയുടെ നിര്യാണത്തിൽ അനുശോചിച്ച് എഴുതപ്പെട്ട വിലാപകാവ്യം.

19 നാലു ഭാഷാകാവ്യങ്ങൾ ഏതു പ്രസ്ഥാനത്തിൽ പെടുന്ന കൃതികളാണ് ?

20 വിലാപകാവ്യങ്ങളുടെ തുടക്കം ഏതു ഭാഷയിലാണ് ?

(20 × ½ = 10 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

II. മുമ്മൂന്നു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

21 (a) തെക്കൻപാട്ടുകളുടെ പ്രാദേശികസംസ്കാരം പൊന്നിറത്താൾ കഥയെ ആസ്പദമാക്കി വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) വാമൊഴി ഗാന പാരമ്പര്യത്തിന്റെ സവിശേഷതകൾ പാഠ്യഭാഗത്തിന്റെ മുൻനിർത്തി പ്രതിപാദിക്കുക.

22 (a) രാമചരിതത്തിലെ മിശ്രഭാഷാ സ്വഭാവം നിരൂപിക്കുക.

**അല്ലെങ്കിൽ**

(b) കണ്ണശ്ശ രാമായണത്തിന്റെ ഭാവസൗന്ദര്യം കിഷ്കിന്ധാകാണ്ഡത്തെ അടിസ്ഥാനമാക്കി നിരൂപണം ചെയ്യുക.

23 (a) ഭാഷാചമ്പുക്കളിലെ ഗദ്യങ്ങൾ, ദണ്ഡകങ്ങൾ ഇവ പില്ക്കാല കവികളെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട് –വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) നളചരിതം ഒന്നാം ദിവസത്തിൽ ഹംസം എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നതിൽ ഉണ്ണായി വാര്യർ പുലർത്തിയിട്ടുള്ള ഔചിത്യബോധം നിരൂപിക്കുക.

24 (a) ജ്ഞാനപ്പാനയിലെ ഭക്തിയും ആത്മാവിഷ്കാരവും ജീവിത നിരീക്ഷണവും വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) മാപ്പിളപ്പാട്ടുകളിൽ ബദറുൽ മുനീർ ഹുസ്നുൽ ജമാൽ എന്ന കാവ്യത്തെ പരിചയപ്പെടുത്തുക.

25 (a) ആത്മനിഷ്ഠകാവ്യം എന്ന നിലയിൽ മലയ വിലാസത്തെ നിരൂപണം ചെയ്യുക.

**അല്ലെങ്കിൽ**

(b) ഒരു വിലാപത്തിലെ വിലാപം, വിഷാദം, തത്ത്വചിന്ത എന്നീ ഘടകങ്ങൾ കാവ്യത്തിനു നൽകുന്ന ഭാവാന്തരീക്ഷത്തെ വിലയിരുത്തുക.

(5 × 6 = 30 marks)

III. അയ്യഞ്ചു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

26 (a) കഥാഗാനങ്ങളുടെ രൂപഭാവ സവിശേഷതകൾ പാഠ്യഭാഗങ്ങളെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

**അല്ലെങ്കിൽ**

(b) തെക്കൻ പാട്ടുകൾ, വടക്കൻ പാട്ടുകൾ എന്നിങ്ങനെയുള്ള വിഭജനത്തിനു പിന്നിലെ ഭാഷാപരവും സാമൂഹികവുമായ ഘടകങ്ങൾ പരിശോധിക്കുക.

27 (a) മലയാള സാഹിത്യത്തിൽ ഒരു പരിവർത്തന ഘട്ടത്തെക്കുറിക്കുന്ന കൃതികളാണ് കണ്ണശ്ശന്മാരുടേത് എന്ന അഭിപ്രായം ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) പാട്ടിന്റെ ലക്ഷണങ്ങൾ രാമചരിതത്തിൽ എങ്ങനെ ഇണങ്ങുന്നു എന്ന് അപഗ്രഥിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

28 (a) മണിപ്രവാള കാവ്യങ്ങളിൽ പ്രകടമാകുന്ന ഫ്യൂഡൽ സംസ്കാരത്തെക്കുറിച്ച് ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) മഹിളാളി മഹാസ്പദമായ ചമ്പു സാഹിത്യത്തിൽ മധ്യകാലമാകുമ്പോൾ ഉണ്ടാകുന്ന ഭാവമാറ്റത്തിന്റെ സാംസ്കാരിക സാഹചര്യങ്ങൾ ചർച്ച ചെയ്യുക.

29 (a) മലയാള ഭാഷയും സാഹിത്യവും എഴുത്തച്ഛന്റെ കൃതികളിലൂടെ കൈവരിച്ച നവീനത ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) വ്യവസ്ഥിതികൾക്കു നേരെയുള്ള നിരന്തര കലഹമായിരുന്നു നമ്പ്യാർ തന്റെ കൃതികളിലൂടെ ഉയർത്തിയത് –നിരൂപണം ചെയ്യുക.

30 (a) വെണ്മണി പ്രസ്ഥാനം കേരളവർമ്മപ്രസ്ഥാനം എന്നിവ ചെയ്ത സാഹിത്യ പരിപോഷണ ശ്രമങ്ങൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) പൂർവകാല്പനിക കൃതികൾ എന്ന നിലയിൽ മലയവിലാസം, ഒരു വിലാപം എന്നീ രചനകൾ വിശകലനം ചെയ്യുക.

(5 × 12 = 60 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 5454** (Pages : 3) Name..................................

Reg. No..................................

# M.A. PREVIOUS (IMPROVEMENT/SUPPLEMENTARY) DEGREE EXAMINATION, APRIL/MAY 2021

(S.D.E)

M.A. Malayalam

DEMAL1C01—AADYAKALA MALAYALA GADYAM

(2014 Admissions)

Time : Three Hours Maximum : 100 Marks

I. ഒരു വാക്യത്തിലോ ഒരു വാക്കിലോ കവിയാതെ **ഇരുപതു** ചോദ്യത്തിനും ഉത്തരമെഴുതുക.

1 സദസ്സുകളിൽ പുരാണ കഥാഖ്യാനത്തിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന സാഹിത്യഭാഷ ഏത് ?

2 വാസനാവികൃതി എന്ന ആദ്യ ചെറുകഥ ഏത് മാസികയിലാണ് പ്രസിദ്ധീകരിച്ചത് ?

3 മാർത്താണ്ഡവർമ്മയുടെയും ധർമ്മരാജായുടെയും ഭരണ ചരിത്രത്തെപ്പറ്റി തന്റെ യാത്രാവിവരണത്തിൽ പരാമർശിച്ചിട്ടുള്ള മിഷനറിയാര് ?

4 ദിവസങ്ങളുടെ എണ്ണം പറഞ്ഞ് കലിവർഷം രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ ശാസനം ?

5 'ഹോർത്തൂസ് മലബാറിക്കസ്'എഴുതാൻ സഹായം നൽകിയ ഈഴവവൈദ്യൻ.

6 ഗുണ്ടർട്ട് രചിച്ച വ്യാകരണ ഗ്രന്ഥത്തിന്റെ പേരെന്ത് ?

7 'പൂർവ്വ കേരള ഭാഷ'യുടെ കർത്താവാര് ?

8 'കേരളസിംഹം' ആരാണ് എഴുതിയത് ?

9 മിശ്ര ഭോജന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര് ?

10 കാന്തളൂർ ശാലയെക്കുറിച്ച് പരാമർശമുള്ള രേഖയേത് ?

11 'നമ്പ്യാന്തമിഴ് '—എന്താണ് ?

12 ഭാഷാ കൗടലീയം ഏത് കൃതിയുടെ തർജ്ജമയാണ് ?

13 1772-ൽ റോമിൽ അച്ചടിച്ച മലയാള ഗ്രന്ഥം.

14 'പ്രാചീന മലയാള ഗദ്യ മാതൃകകൾ' എഴുതിയതാര് ?

15 ലഭ്യമായതിൽ വച്ച് ഏറ്റവും പ്രാചീനമായ ശാസനമേത് ?

16 'ഉദയംപേരൂർ സുനഹദോസിലെ കാനോനകൾ' മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതാര് ?

17 കെ. എൻ. എഴുത്തച്ഛൻ വിവർത്തനം ചെയ്ത തമിഴ് വ്യാകരണം.

18 'തന്ത്രസമുച്ചയം' എന്തിനെ സൂചിപ്പിക്കുന്ന കൃതിയാണ് ?

19 മലയാളത്തിലെ ആദ്യത്തെ പ്രവാസനമേത് ?

20 ഇന്റർനെറ്റ് എഡിഷൻ തുടങ്ങിയ ആദ്യ മലയാള പത്രമേത് ?

(20 × ½ = 10 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

II. മൂന്ന് പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

21 (a) ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനം മലയാളഗദ്യ സാഹിത്യത്തിലുണ്ടാക്കിയ ചലനങ്ങൾ വിവരിക്കുക.

**അല്ലെങ്കിൽ**

(b) ഭാഷാ കൗടലീയത്തിന്റെ ഭാഷാപരവും സാഹിത്യപരവുമായ പ്രത്യേകതകൾ ഉദാഹരണസഹിതം വിലയിരുത്തുക.

22 'കൂത്തിലെയും പാഠകത്തിലെയും കഥാഖ്യാന സമ്പ്രദായത്തിലൂടെ കേരളഭാഷ അതിവേഗം പരിവർത്തിച്ച് ജനകീയമായ ഒരു ഭാഷയ്ക്ക് ജന്മം നൽകി. ആ ഭാഷാരീതിയാണ് ബ്രഹ്മാണ്ഡ പുരാണത്തിൽ കാണുക. പരിശോധിക്കുക.

**അല്ലെങ്കിൽ**

ശാസന ഭാഷയുടെ പ്രത്യേകതകൾ ശാസനങ്ങളെ മുൻനിർത്തി വിലയിരുത്തുക.

23 16-ാം നൂറ്റാണ്ടിൽ കേരളത്തിൽ വിദേശാധിപത്യം തുടങ്ങിയപ്പോൾ ഭാഷാ ഗദ്യത്തിനുണ്ടായ പരിണാമങ്ങൾ പരിശോധിക്കുക.

**അല്ലെങ്കിൽ**

മലയാളത്തിൽ ആധുനിക വിജ്ഞാനത്തിന് പ്രചാരം നൽകുന്നതിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ സംഭാവനകൾ വിലയിരുത്തുക.

24 പ്രാചീനത കൊണ്ടും സാഹിത്യ ഗുണം കൊണ്ടും പ്രഥമസ്ഥാനമർഹിക്കുന്ന ഒരു ഗദ്യകൃതിയാണ് ദൂതവാക്യം–ദൂതവാക്യ ഭാഷയെ മുൻനിർത്തി പരിശോധിക്കുക.

**അല്ലെങ്കിൽ**

ഇന്ദുലേഖയിലെ 18-ാം അദ്ധ്യായത്തിന്റെ പ്രസക്തിയെന്ത് ? സ്വാഭിപ്രായം രേഖപ്പെടുത്തി വിലയിരുത്തുക.

25 ജ്ഞാന നിക്ഷേപം, സംക്ഷേപ വേദാർത്ഥം ഇവയെപ്പറ്റി വിശദീകരിക്കുക.

**അല്ലെങ്കിൽ**

വാഴപ്പള്ളി ശാസനത്തെ മുൻനിർത്തി ശാസനങ്ങളുടെ സാംസ്കാരിക പ്രസക്തി പരിശോധിക്കുക.

(5 × 6 = 30 marks)

III. അഞ്ചു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

26 മലയാള ഭാഷയുടെ ഉല്പത്തിയെക്കുറിച്ചുള്ള വിവിധാഭിപ്രായങ്ങൾ ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

മലയാണ്മയെ ആദ്യമായും മുഖ്യമായും മുഴുവനായും പഠിക്കണം എന്ന് മാത്രമേ ഞങ്ങൾ വാദിക്കുന്നുള്ളൂ. അന്യഭാഷാഗ്രാഹ്യം അലങ്കാരമാകുന്നു. ജന്മഭാഷയോ ആവശ്യം തന്നെ. ജോർജ്ജ് മാത്തൻ മാതൃഭാഷയ്ക്കു വേണ്ടി ഉയർത്തുന്ന വാദങ്ങളെന്തെല്ലാം ?

CHMK LIBRARY UNIVERSITY OF CALICUT

27 സി.വി. രാമൻപിള്ളയുടെ ചരിത്ര നോവലുകൾ മലയാള ഭാഷയ്ക്കും ഗദ്യസാഹിത്യത്തിനും എന്നും അനർഘമായ അത്ഭുതങ്ങളിലൊന്നാണ്–വിലയിരുത്തുക.

**അല്ലെങ്കിൽ**

പാശ്ചാത്യ സാഹിത്യ സമ്പർക്കത്തിന്റെ ഫലമായിട്ടാണ് മലയാളത്തിൽ ചെറുകഥാസാഹിത്യം സമ്പുഷ്ടമാകുന്നത്–വിലയിരുത്തുക.

28 ആധുനിക മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങൾക്ക് വഴിയൊരുക്കുന്നതിന് പത്രമാസികകൾ വഹിച്ച പങ്ക് നിസ്തുലമാണ്–വിലയിരുത്തുക.

**അല്ലെങ്കിൽ**

'മലയാളം' എന്ന പദത്തിന്റെ നിരുക്തിയെക്കുറിച്ചുള്ള വിവിധാഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

29 മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് മിഷനറിമാരുടെ സംഭാവനകൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

മലയാള ഗദ്യത്തിന്റെ പ്രാചീന ദശയെപ്പറ്റി ഉപന്യസിക്കുക.

30 'രാഷ്ട്രവികസനം മാതൃഭാഷയിലൂടെ മാത്രമേ സാദ്ധ്യമാകൂ'–ഭരണ ഭാഷ മലയാളമാക്കുന്നതിൽ പൂർണ്ണമായി വിജയിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല–ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

മലയാള ലിപി വ്യവസ്ഥ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുരുക്കി വിവരിക്കുക.

($5 \times 12 = 60$ marks)

CHMK LIBRARY UNIVERSITY OF CALICUT